**KERALA FEEDS LTD.**

(A Govt. of Kerala Undertaking)
Kallettumkara, Thrissur Dist. Pin: 680 683
Phone: 0480-2713550
E-mail: purchase.kfl@kerala.gov.in
Website: www.keralafeeds.com

**No.KFL/2362/17/** **Date: 13/02/2025**

# <u>ഷോർട്ട് ക്വട്ടേഷൻ</u>

കേരള ഫീഡ്സ് **തൊടുപുഴ യൂണിറ്റുകളിലെ** ബോയിലറിൽ ഉപയോഗിക്കുന്ന വിറകിന്റെ വിതരണത്തിനായി ഷോർട്ട് ക്വാട്ടേഷനുകൾ ക്ഷണിക്കുന്നു.

തൊടുപുഴ യൂണിറ്റിന് **ആറ്** മാസത്തേക്ക് 138 മെട്രിക് ടണും ( പ്രതിമാസം 3 മെട്രിക് ടൺ പുളി മരത്തിന്റെ വിറക് , 20 മെട്രിക് ടൺ റബ്ബർ ഒഴികെയുള്ള മറ്റ് മരങ്ങളുടെ വിറക്) ,

കൂടുതൽ വിശദവിവരങ്ങൾ കമ്പനിയുടെ വെബ്സൈറ്റിൽ നിന്നും പർച്ചേസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭ്യമാണ് ഷോർട്ട് ക്വട്ടേഷനുകൾ കല്ലേറ്റുംകര ആഫീസിൽ ലഭിക്കേണ്ട അവസാന തിയ്യതി : 01/03/2025, 2.00 PM

**മാനേജിംഗ് ഡയറക്ടർ**

നിബന്ധനകളും വ്യവസ്ഥകളും

1. **<u>ഇനവും വിശദാംശങ്ങളും :</u>**

വിറകിനെ കുറിച്ചുള്ള  വിശദമായ വിവരങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു

2. **<u>അളവ് :</u>**

തൊടുപുഴ യൂണിറ്റിന് **ആറ്** മാസത്തേക്ക് 138 മെട്രിക്  ടൺ ( പ്രതിമാസം 3 മെട്രിക് ടൺ പുളി മരത്തിന്റെ വിറക് ,  20 മെട്രിക് ടൺ റബ്ബർ ഒഴികെയുള്ള  മറ്റ് മരങ്ങളുടെ വിറക്)

3. **<u>ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തിയ്യതി</u>**

വെള്ളക്കടലാസിൽ തയ്യാറാക്കിയ ക്വട്ടേഷനുകൾ കമ്പനിയുടെ കല്ലേറ്റുംകരയിലുള്ള ഹെഡ് ഓഫീസിൽ ലഭിക്കേണ്ട അവസാന തിയ്യതി 01/03/2025 ,2.00 PM

4. **<u>കരാറിന്റെ കാലാവധി / വ്യാപ്തി / വിതരണം :</u>**

ഓർഡറിന്റെ കാലാവധി ആറ് മാസത്തേക്കാണ്.ഓരോ യുണിറ്റിലേക്കും ഓർഡർ ലഭിച്ച ആൾ കമ്പനി പറയും വിധം 10 ദിവസത്തിനുള്ളിൽ തൊടുപുഴയിലുമുള്ള പ്ലാന്റിലേക്ക് വിറകിന്റെ വിതരണം നടത്തണം. ഓർഡർ ലഭിച്ചതിനു ശേഷം വിതരണം ചെയുന്ന വിറക് വിതരണക്കാരൻ തന്നെ കമ്പനി ആവശ്യപ്പെടുന്ന സ്ഥലത്തു ഇറക്കി നൽകണം. കേരള ഫീഡ്സിന്റെ  വേയ്ബ്രിഡ്ജ് രേഖപ്പെടുത്തിയിരിക്കുന്ന ലോഡിന്റെ ഭാരം മാത്രമേ കണക്കിലെടുക്കൂ .

5. **<u>ക്വട്ടേഷൻ സ്വീകരിക്കൽ</u>**

ക്വട്ടേഷൻ അംഗീകരിക്കാനോ നിരസിക്കാനോ ഉള്ള അധികാരം കമ്പനിയുടെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ സംബന്ധിച്ചുള്ള  എല്ലാ വ്യവസ്ഥകളും കമ്പനി ഉത്തരവുകൾക്ക് വിധേയമായിരിക്കും. നിശ്ചിത സമയം കഴിഞ്ഞു ലഭിക്കുന്ന ക്വട്ടേഷനുകൾ , നിരതദ്രവ്യം  അടക്കാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല .

## 6. കരാർ കാലയളവ്

വർക്ക് ഓർഡർ തീയതി മുതൽ ആറ് മാസമാണ് കരാർ കാലാവധി. എന്നാൽ നിലവിലുള്ള നിരക്കുകളും നിബന്ധനകളും പരസ്പര സ്വീകാര്യമാണെങ്കിൽ ഇത് ആറ് മാസത്തേക്കുകൂടി നീട്ടാവുന്നതാണ് .

## 7. നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് :

ക്വട്ടേഷനൊപ്പം 1000 രൂപയുടെ നിരതദ്രവ്യം ഉണ്ടായിരിക്കണം .ചാലക്കുടി /ഇരിഞ്ഞാലക്കുട /തൃശ്ശൂർ എന്ന വിലാസത്തിൽ കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റിന്റെ രൂപത്തിൽ നിരതദ്രവ്യം സമർപ്പിക്കാവുന്നതാണ്. ഓർഡർ ലഭിച്ച ആളുടെ നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റായി നിലനിർത്തും .

ഓർഡർ നൽകി 15 ദിവസത്തിനകം മൊത്തം തുകയുടെ ഒന്നര ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കണം. കമ്പനിക്ക് നൽകാനുള്ള ഏത് തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്ന് വീണ്ടെടുക്കാവുന്നതാണ് .

## 8. ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ :-

പാൻ കാർഡ് , ആധാർ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി ക്വട്ടേഷനോടൊപ്പം ഹാജരാകണം.

## 9. നിരക്ക് :

1) വിറകിന്റെ കയറ്റിറക്ക് കൂലിയും മറ്റെല്ലാ നികുതികളും ഉൾപ്പടെ ഒരു ടൺ വിറക് ഇടുക്കി ജില്ലയിലെ **തൊടുപുഴ ജില്ലയിലെ** കമ്പനിയുടെ ഫാക്ടറിയിൽ എത്തിച്ചു നൽകുന്നതിനുള്ള നിരക്കായിരിക്കണം രേഖപ്പെടുത്തേണ്ടത്

2) ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കുകൾ കരാറിന്റെ മുഴുവൻ കാലയളവിലേക്കും വിതരണം പൂർത്തിയാകുന്നതു വരെ മാറ്റമില്ലാതെ തുടരേണ്ടതാണ്

3) ക്വട്ടേഷനിൽ നിരക്കുകൾ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തണം.

4) നിരക്ക് ഇന്ത്യൻ രൂപയിൽ രേഖപ്പെടുത്തണം .

## 10. വിതരണം ചെയുന്ന വിറകിന്റെ വില നൽകുന്നത് സംബന്ധിച്ച് :

ഒരു ലോഡ് വിറക് വിതരണം ചെയ്ത് കഴിഞ്ഞതിനു ശേഷം പതിനഞ്ച് ദിവസത്തിനുള്ളിൽ മൊത്തം തുക ഗുണനിലവാര പരിശോധനക്കു ശേഷം നൽകുന്നതായിരിക്കും.

വിറക് കമ്പനിയിൽ എത്തിക്കുന്നത് വരെയുള്ള എല്ലാ ഉത്തരവാദിത്തങ്ങളും വിതരണകാരനിൽ നിക്ഷിപ്തമാണ്. വിതരണം ചെയുന്ന സമയത്ത് എന്തെങ്കിലും തരത്തിലുള്ള നഷ്ടം സംഭവിക്കുകയാണെങ്കിൽ അതിന് വിതരണക്കാരൻ ബാധ്യസ്ഥനാണ് .

## 11. കരാർ അവാർഡ് :

വിതരണകാരന് കരാർ പൂർണമായോ ഭാഗികമായോ നൽകാനുള്ള അവകാശം കേരള ഫീഡ്സിനുണ്ട്. ഇക്കാര്യത്തിൽ കമ്പനി മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും. ഓർഡർ ലഭിച്ച ആൾക്ക് വിറകിന്റെ വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷനിൽ രണ്ടാമത് കുറവ് നിരക്ക് നൽകിയ ആളിൽ നിന്നും നിലവിലുള്ള ഓർഡർ നിരക്കിൽ വിറകു വാങ്ങുവാൻ അനുമതി നൽകുന്നതായിരിക്കും .

## 12. വിറകിന്റെ ഗുണനിലവാരം :

വിതരണം ചെയുന്ന വിറക് ഉണങ്ങിയതും നിലവാരമുള്ളതുമായിരിക്കണം. വിറകിന്റെ തരവും, വലിപ്പവും അനുബന്ധത്തിൽ പറയുന്ന പ്രകാരത്തിൽ ആയിരിക്കണം നൽകേണ്ടത്. നിലവാരമില്ലാത്തതും സ്പെസിഫിക്കേഷൻ അനുസരിച്ചല്ലാത്തതുമായ വിറക് നിരസിക്കാനുള്ള അവകാശം കമ്പനിയിൽ നിക്ഷിപ്തമാണ്. നിരസിച്ച വിറക് സ്വന്തം ചെലവിൽ 3 ദിവസത്തിനുള്ളിൽ തിരികെ എടുക്കണം. ഓർഡറിന് അനുസൃതമായി വിറക് വിതരണം ചെയ്തില്ലെങ്കിൽ ഓർഡർ ക്യാൻസൽ ചെയുകയും , കമ്പനി മറ്റൊരു വ്യക്തിക്ക് ഓർഡർ നല്കുന്നതുമായിരിക്കും

## 13. പരിശോധനയും, പിഴയും

ഓരോ തവണ വിറക് വിതരണം ചെയ്യുമ്പോഴും വിറകിന്റെ അളവും തൂക്കവും പരിശോധനക്കു വിധേയമാക്കും ആ പരിശോധനയിൽ കണ്ടെത്തുന്ന കുറവുകൾക്ക് കമ്പനി പിഴ ഈടാക്കുന്നതാണ് .

14. **<u>കരാർ റദ്ദാക്കൽ :</u>**

ഓർഡർ നൽകിയതിനു ശേഷം ഓർഡർ ലഭിച്ച ആൾ  കരാർ അനുസരിച്ച് ഓർഡർ നടപ്പിലാക്കുന്നില്ലെങ്കിലോ കമ്പനിയുടെ പ്രതിനിധികളുടെ നിർദേശങ്ങൾ അനുസരിക്കുന്നില്ലെങ്കിലോ മറ്റേതെങ്കിലും കരാർ ലംഘനം നടത്തുകയോ ആണെങ്കിൽ കരാർ റദ്ദാക്കാനുള്ള അധികാരം കമ്പനിയുടെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

15. **<u>ക്വട്ടേഷൻ തുറക്കുന്ന ദിവസം ..</u>**

ക്വട്ടേഷൻ തുറക്കുന്ന ദിവസം 01/03/2025, 2.30 P.M

16. **<u>നിയമാധികാരം :</u>**

പ്രസ്തുത കരാറിനെ സംബന്ധിക്കുന്ന എല്ലാ  നിയമപരമായ നടപടികളുടെയും പരിധി ഇരിഞ്ഞാലക്കുട മുന്സിഫ്ക്കോടതിയിലായിരിക്കും .

ഓർഡർ ലഭിച്ച ആളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാ തർക്കങ്ങളും വ്യത്യാസങ്ങളും ക്ലെയിമുകളും കേരള ഫീഡ്സ് ലിമിറ്റഡിന്റെ  മാനേജിംഗ് ഡയറക്ടറോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഏതെങ്കിലും വ്യക്തിയോ തീരുമാനിക്കും , ആ തീരുമാനം അന്തിമവും ആയിരിക്കും

**മാനേജിംഗ് ഡയറക്ടർ**

## <u>അനുബന്ധം</u>

### വിതരണം ചെയുന്ന വിറകിനെ സംബന്ധിച്ചുള്ള വിവരങ്ങൾ

**ഇനം** : പുളിമരം , പ്ലാവ്, തേക്ക് ,മഹാഗണി ,കാഞ്ഞിരം ,ആഞ്ഞിലി , വാക, മാവ്

**അളവ്** : തൊടുപുഴ യൂണിറ്റിന് ആറ് മാസത്തേക്ക് 138 മെട്രിക് ടണും ( പ്രതിമാസം 3 മെട്രിക് ടൺ പുളി മരത്തിന്റെ വിറക് , 20 മെട്രിക് ടൺ റബ്ബർ ഒഴികെയുള്ള മറ്റ് മരങ്ങളുടെ വിറക്) ,

**നീളം** : ഏകദേശം 1 അടി മുതൽ 1 ¼ അടി (പരമാവധി) വരെ

**വ്യാസം** : ഏകദേശം 2 ഇഞ്ചിനും 5 ഇഞ്ചിനും ഇടയിൽ

**<u>ലഭിക്കേണ്ട വിറക് സംബന്ധിച്ച്</u>**

1. കരാറുകാരൻ മുകളിൽ സൂചിപ്പിച്ച പ്രകാരം മാത്രമേ വിറക് നൽകാവൂ.
2. വിതരണം ചെയ്യുന്ന വിറക് ഉണങ്ങിയതാണെന്നു കരാറുകാരൻ ഉറപ്പാക്കേണ്ടതുമാണ് .
3. രണ്ടു തരം വിറക് ഇടകലർത്തി നല്കാൻ പാടില്ല . വിറക് ഇനം തിരിച്ചു വേണം കമ്പനിയിൽ നൽകേണ്ടത്.
4. ഓർഡർ പ്രകാരം അതാതു യൂണിറ്റിലേക്ക് കമ്പനി ആവശ്യപ്പെടുന്ന സമയത്ത് ആവശ്യമായ അളവിലും തൂക്കത്തിലും ഉള്ള വിറക് കരാറുകാരൻ കമ്പനിയിൽ എത്തിക്കണം.

# <u>ഷോർട്ട് ക്വട്ടേഷൻ</u>

ഷോർട്ട് ക്വട്ടേഷനിലെ എല്ലാ നിർദേശങ്ങളും നിബന്ധനകളും വിതരണകാരൻ പരിശോധിക്കേണ്ടതാണ്. ഷോർട്ട് ക്വട്ടേഷനിൽ ആവശ്യപ്പെടുന്ന രേഖകളിൽ എല്ലാ വിവരങ്ങളും ഹാജരാക്കാതിരുന്നലോ , ഏതെങ്കിലും ഒന്ന് നൽകാതിരുന്നാലോ അവരുടെ ക്വട്ടേഷൻ നിരസിക്കുന്നതാണ് .

**<u>സമർപ്പിക്കേണ്ട രേഖകൾ</u>**

1. പേരും വിലാസവും
2. പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ( ഉണ്ടെങ്കിൽ )
3. ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് .

**വിതരണം ചെയ്യുന്ന വിറകിന്റെ ഓരോ ഇനത്തിന്റെയും നിരക്ക് :**

| **ഇനം** | **മെട്രിക് ടണ്ണിലുള്ള വിറകിന്റെ നിരക്ക് : അക്കത്തിലും അക്ഷരത്തിലും** | |
|---|---|---|
| | **അക്കത്തിൽ** | **അക്ഷരത്തിൽ** |
| പുളി മരത്തിന്റെ വിറക് | | |
| പുളിമരം , റബ്ബർ ഒഴികെയുള്ള മറ്റ് മരങ്ങളുടെ വിറക് | | |